# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റിആഫീസ്, തിരുവനന്തപുരം

**CT. 279/24/TDB/VIG** **12/ 08/ 2024**

## പത്രക്കുറിപ്പ്

### സംസ്ഥാനത്തെ എല്ലാ എഡിഷനുകളിലേയ്ക്കും

### ശബരിമലയിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി ജോലിനോക്കാൻ വിമുക്തഭടൻമാർക്കും, കേന്ദ്ര – സംസ്ഥാന സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം

ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ക്ഷേത്രങ്ങളിൽ കൊല്ലവർഷം 1200-ാം മാണ്ടിലെ മണ്ഡലം-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക സെക്യൂരിറ്റി ഗാർഡായി സേവനം അനുഷ്ഠിക്കാൻ വിമുക്തഭടൻമാർക്കും, സംസ്ഥാന പോലീസ്, എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് തുടങ്ങിയ സേനകളിൽ നിന്നും വിരമിച്ചവർക്കും അവസരം. മേൽപ്പറഞ്ഞ ഏതെങ്കിലും സർവ്വീസിൽ കുറഞ്ഞത് 5 വർഷം ജോലിനോക്കിയിട്ടുള്ളവരും 65 വയസ് പൂർത്തിയാകാത്തവരും ശാരീരിക ശേഷി ഉള്ളവരുമായ ഹിന്ദു വിഭാഗത്തിൽപ്പെട്ട പുരുഷൻമാർക്കാണ് അവസരം ലഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് **പ്രതിദിനം 900/-രൂപ** വേതനം നൽകുന്നതാണ്. താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്. താൽപ്പര്യമുള്ളവർക്ക് www.travancoredevaswomboard.org എന്ന ഔദ്യോഗിക വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. അല്ലെങ്കിൽ വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള ഫാറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഫോട്ടോയും അനുബന്ധ രേഖകളും ഉൾപ്പടെ **"ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം** – 695003" എന്ന വിലാസത്തിലോ, സ്കാൻ ചെയ്ത് sptdbvig@gmail.com എന്ന മെയിൽ അഡ്രസ്സിലോ അയക്കാവുന്നതാണ്. ഓൺലൈനും ഈ-മെയിൽ വഴി അപേക്ഷിക്കുന്നവർ നേരിട്ട് അപേക്ഷ പോസ്റ്റിൽ അയക്കേണ്ടതില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 24.08.2024. നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകരെ 30.08.2024 **രാവിലെ** 10 മണിമുതൽ ആലുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോഡിൻെറ **ദ്വാരക ഗസ്റ്റ് ഹൗസിൽ** വച്ച് ഇൻറർവ്യൂ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചീഫ് വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസുമായി 0471-2316475 എന്ന നമ്പരിൽ ആഫീസ് സമയം ബന്ധപ്പെടാവുന്നതാണ്. തിരുവിതാംകൂ

വിശ്വസ്തതയോടെ, (ഒപ്പ്)

റ്റി.കെ.സുബ്രഹ്മണ്യൻ

സൂപ്രണ്ട് ഓഫ് പോലീസ്